പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1939 **26-10-2026-ൽ മറുപടിയ്ക്ക്**

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പഴകുളം മധു ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ള നിയമനങ്ങളിൽ വലിയ അഴിമതിയും നിയമ വിരുദ്ധ പ്രവർത്തനങ്ങളും നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

മറുപടി: ഡെപ്യൂട്ടി ദേവസ്വം ലോ ഓഫീസർ ഉൾപ്പെടെയുള്ള നിയമനങ്ങളിൽ നടപടിക്രമങ്ങൾ പാലിക്കാതെ അനാവശ്യ തസ്തിക സൃഷ്ടിച്ചതായി പരാതികളുണ്ട്.

(ബി) പ്രസ്തുത സാഹചര്യത്തിൽ കഴിഞ്ഞ 10 വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ സ്ഥിരമായും താൽക്കാലികമായും ജോലി ലഭിച്ചവരുടെ ലിസ്റ്റ് ജില്ല തിരിച്ചു ലഭ്യമാക്കാമോ?

മറുപടി: തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 2020 മുതൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് മുഖേനയാണ് നിയമനങ്ങൾ നടന്നുവരുന്നത്. അപ്രകാരം നടന്നിട്ടുള്ള വിവിധ തസ്തികകളിലെ നിയമന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. 2016-2020 കാലയളവിലെ നിയമന വിവരങ്ങൾ ദേവസ്വത്തിൽ നിന്നും ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

തസ്തിക	സ്ഥിരനിയമനങ്ങളുടെ എണ്ണം
ലോവർ ഡിവിഷൻ ക്ലാർക്ക്	306
സ്ട്രോങ് റൂം ഗാർഡ്	47
ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്	21
പ്യൂൺ	120
പാർട്ട് ടൈം ശാന്തി	129
വാച്ചർ	214
പാർട്ട് ടൈം തളി	243
പാർട്ട് ടൈം കഴകം കം വാച്ചർ	206
നാദസ്വരം കം വാച്ചർ	49
തകിൽ കം വാച്ചർ	58
ട്യൂട്ടർ (പഞ്ചവാദ്യം)	7
ട്യൂട്ടർ (നാദസ്വരം)	1
പാർട്ട് ടൈം പുരോഹിതൻ	1

താൽക്കാലിക ജീവനക്കാർ:

തസ്തിക	നിയമനങ്ങളുടെ എണ്ണം
ലോവർ ഡിവിഷൻ ക്ലാർക്	18
പ്യൂൺ	2
ബൈന്റർ	7
ടൈപ്പിസ്റ്റ്	2
സ്വീപ്പർ	4
വാച്ചർ	3
സ്കാവഞ്ചർ	1